# ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ

## പെരുമ്പാവൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## വിഷൻ - 2025




Edit with WPS Office

## ഉള്ളടക്കം

അടിസ്ഥാന വിവരങ്ങൾ

ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ലഘു ചരിത്രം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

പ്രവർത്തനം - വിശദാംശങ്ങൾ

Edit with WPS Office

**അടിസ്ഥാന വിവരങ്ങൾ**

വിദ്യാലയം: ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, പെരുമ്പാവൂർ

സ്കൂൾ കോഡ്: 27007

വിലാസം: ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂർ

പെരുമ്പാവൂർ ,

പിൻ കോഡ് : .683542

ഇ-മെയിൽ. : perumbavoor27007@yahoo.in

വിദ്യാഭ്യാസ ജില്ല: കോതമംഗലം

ഉപജില്ല. : പെരുമ്പാവൂർ

മുൻസിപ്പാലിറ്റി: പെരുമ്പാവൂർ

ക്ലാസുകൾ. : 5 മുതൽ 12 വരെ

പഠന മാധ്യമം: മലയാളം, ഇംഗ്ലീഷ്

Edit with WPS Office

**ആമുഖം**

പെരുമ്പാവൂർ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മികവിന്റെ പാതയിലാണ്. പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന ഈ പൊതു വിദ്യാലയത്തിന്റെ വളർച്ചയിൽ പിടിഎ, എസ് എം സി ,മദർ പി ടി എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, രക്ഷിതാക്കൾ എന്നിവരുടെ സഹായ സഹകരണങ്ങൾ യഥോചിതം ലഭിക്കുന്നുണ്ട്. സ്കൂളിന്റെ ഭൗതിക വികസനത്തിനും അക്കാദമിക മുന്നേറ്റത്തിനും ഏവരുടെയും കരുതലും സഹായവും ലഭിക്കുന്നു. എന്നാൽ അക്കാദമിക കാര്യത്തിൽ  ഇനിയും ഈ വിദ്യാലയം മുന്നോട്ടു പോകേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു വിദ്യാലയത്തെ ചലിപ്പിക്കും.ഓരോ അദ്ധ്യാപകരും ആ പ്ലാൻ മുന്നിൽ കണ്ട് പ്രവർത്തിക്കുമ്പോൾ മികച്ച മോണിറ്ററിംങ്ങിലൂടെ സ്കൂളിനെ മുന്നോട്ട് നയിക്കാൻ നമുക്ക് കഴിയും. ഇത്തരത്തിൽ ചലിക്കുന്ന വിദ്യാലയാന്തരീക്ഷം പ്രതീക്ഷയോടെ മുന്നിൽ കണ്ടു കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

Edit with WPS Office

**ലക്ഷ്യം**

* കുട്ടികളുടെ സമഗ്രവികസനം

* തൊഴിൽ നൈപുണി വിദ്യാഭ്യാസം

* അഭിരുചി വികാസം

* മികച്ച പഠന പിന്തുണാ സംവിധാനം ഒരുക്കൽ

* മികച്ച പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുക

* മികച്ച പാഠാ സൂത്രണങ്ങൾ തയ്യാറാക്കുക

* ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളോട് ബന്ധിപ്പിക്കുക

* കൃഷി ഒരു സംസ്ക്കാരമാണെന്ന ബോധം വളർത്തുക

* സമൂഹത്തെ വിദ്യാലയത്തോടും വിദ്യാലയത്തെ സമൂഹത്തോടും അടുപ്പിക്കുക

* കുട്ടികളുടെ വൈകാരിക സ്ഥിരത ഉറപ്പാക്കുക

* വിദ്യാലയ ശുചിത്വം ശ്രദ്ധിക്കുക

* സന്തോഷ വിദ്യാലയം

* രക്ഷിതാക്കളെ വിദ്യാലയത്തോട് അടുപ്പിക്കുക

* വായന പരിപോഷിപ്പിക്കുക

* ഭാഷാഭിരുചി വികാസം

* യുക്തിബോധം, പ്രശ്ന പരിഹരണത്തിനുള്ള കഴിവ് വികസിപ്പിക്കുക

* പിയർ ഗ്രൂപ്പ്, ബഡ്ഡി സിസ്റ്റം വികസിപ്പിക്കുക

* സർഗാത്മക ശേഷി വികസിപ്പിക

* ശാസ്ത്ര-ഗണിത അഭിരുചി കണ്ടെത്തി വികസിപ്പിക

* സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുക

* ചരിത്രാവബോധം സൃഷ്ടിക്കുക

Edit with WPS Office

* പാരസ്ഥിതികാവബോധം വളർത്തുക

* ലഹരി ബോധവത്ക്കരണം

* കൗമാരകാല വിദ്യാഭ്യാസം

* വിലയിരുത്തൽ കാര്യക്ഷമമാക്കുക

Edit with WPS Office

**വിദ്യാലയത്തിന്റെ ലഘുചരിത്രം**

തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ആശ്രിതവാത്സല്യത്തിൻ കീഴിലായിരുന്നു പെരുമ്പാവൂരുൾപ്പെട്ട പ്രദേശങ്ങൾ. അരയാലുകളും, തെങ്ങുകളും, മാവുകളും ചേർന്ന തനി നാട്ടിൻപുറമായിരുന്നു അന്ന് പെരുമ്പാവൂർ. ജനനിബിഢമായ കാലടിക്കവലയിയാകട്ടെ ബെഞ്ച് ഒടിഞ്ഞ ഒരു ചായക്കടയും ഒരു ചക്കും മാത്രം . തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാളിന്റെ കാലത്ത് 1910 ൽ നാട്ടുഭാഷ വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ പെരുമ്പാവൂർ നഗരത്തിൽ തുടക്കം കുറിച്ച ഗേൾസ് സ്കൂളിന്റെ പേര് തുടക്കത്തിൽ അഞ്ചൽപുര പള്ളിക്കൂടം എന്നായിരുന്നു. ഇന്ന് കോടതി സ്ഥിതി ചെയ്യുന്ന കച്ചേരികുന്നിന്റെ കിഴക്കുഭാഗത്തായി അന്ന് പ്രവർത്തിച്ചിരുന്ന അഞ്ചൽ ഓഫീസിൽ ആണ് നാട്ടുഭാഷ പാഠശാലക്കു തുടക്കം കുറിച്ചത്. തിരുവിതാംകൂർ മഹാറാണി ഗൗരി പാർവതിഭായിയുടെ നിർദ്ദേശാനുസരണം ആണ് ഓട് മേഞ്ഞ രണ്ടു മുറി കെട്ടിടത്തിൽ പ്രൈമറി സ്കൂൾ ആരംഭിച്ചത്.

പെരുമ്പാവൂർ ഗേൾസ് സ്കൂളിനു ആരംഭം കുറിച്ച ഇവിടെ ഇന്ന് ടെലി ഫോൺ ഓഫീസ് ആണ് പ്രവർത്തിക്കുന്നത്. പിന്നീട് സ്ഥലപരിമിതി മൂലം അഞ്ചൽ ഓഫീസിൽ നിന്ന് ഈ പള്ളിക്കൂടം കോടതിക്ക് പടിഞ്ഞാറുവശമുള്ള വിശാലമായ ഇപ്പോൾ സ്ഥിതി ചെയ്യുന്ന സുഭാഷ് മൈതാനം ഉൾപ്പെട്ട സത്രപറമ്പിലേക്ക് മാറ്റി സ്ഥാപിച്ചു. അക്കാലം മുതൽ ഈ പള്ളിക്കൂടം സത്രപറമ്പ് സ്കൂൾ എന്നറിയപ്പെട്ടു.

ആദ്യ കാലങ്ങളിൽ സ്കൂളിൽ ആൺകുട്ടികൾക്കും പ്രവേശനം ലഭിച്ചിരുന്നു.1949ൽ തിരുവിതാംകൂറും കൊച്ചിയും കൂടിച്ചേർന്നു തിരു - കൊച്ചി സംസ്ഥാനം രൂപപ്പെട്ടപ്പോൾ പെരുമ്പാവൂരിനെ പ്രതിനിധീകരിച്ചിരുന്ന മജീദ് മരക്കാർ ആണ് ഈ വിദ്യാലയത്തെ സ്ത്രീകൾക്ക് മാത്രം പ്രവേശനമുള്ള ഹൈസ്കൂൾ ആയി ഉയർത്തിയത്.2004-ൽ ഹയർ സെക്കന്ററി ആയും ഉയർത്തപ്പെട്ടു. ഇന്ന് പെൺ പൊലിമയുടെ പ്രതീകമായി, പെൺകുട്ടികൾ മാത്രം വിദ്യ അഭ്യസിക്കുന്ന വിദ്യാലയമായി പെരുമ്പാവൂർ ഗവ : ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്രൗഢിയോടെ നിലകൊള്ളുന്നു.

Edit with WPS Office

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഭാഷാ ശേഷി വികസനം

വായനാശേഷി പരിപോഷണം

സർഗാത്മക ശില്പശാലകൾ

തുറന്ന വായനശാല

ഹ്യൂമൻ ലൈബ്രറി

ചരിത്ര പഠനത്തിന്റെ പ്രാദേശിക സാധ്യതകൾ

കാലാവസ്ഥ ഉച്ചകോടി

ശാസ്ത്ര പോഷണ പരിപാടികൾ

ഗണിതശേഷി വികസനം

ലൈബ്രറി നവീകരണം - ശാക്തീകരണം

സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

പഠന യാത്രകൾ

സ്കൂൾ പത്രം

സ്കൂൾ റേഡിയോ

പ്രവൃത്തി പരിചയ പരിശീലനം

കലാപരിപോഷണം

പച്ചക്കറിത്തോട്ടം

കരനെൽ കൃഷി

കായിക ശേഷി വികസനം

കൗമാരകാല വിദ്യാഭ്യാസം- ബോധവത്ക്കരണം

ലഹരിക്കെതിരെ

ദിനാചരണങ്ങൾ കാര്യക്ഷമമാക്കൽ

അദ്ധ്യാപക ശാക്തീകരണം - എസ്.ആർ.ജി തലം

വിലയിരുത്തൽ കാര്യക്ഷമമാക്കൽ

Edit with WPS Office

ഐ ടി പഠനം കാര്യക്ഷമമാക്കൽ

ഒച്ച - മ്യൂസിക് ബാന്റ്

പാരന്റ്സ് ക്ലബ്ബ്

ഗവേഷണാത്മക പഠനങ്ങൾ

ആഘോഷങ്ങൾ

ചിത്രരചനാ പഠനം

തൊഴിൽ നൈപുണി പരിപോഷണം

സെമിനാറുകൾ

ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ

കോർണർ പി ടി എ കാര്യക്ഷമമാക്കൽ

ഉൾച്ചേർന്ന വിദ്യാഭ്യാസം

കൗൺസലിംങ്ങ്

എസ് പി സി

ജെ ആർ സി

ലിറ്റിൽ കൈറ്റ്സ്

വിദ്യാരംഗം പ്രവർത്തനങ്ങൾ

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

കലോത്സവം

വിവിധ മേളകൾക്കുള്ള ഒരുക്കങ്ങൾ

Edit with WPS Office

**പ്രവർത്തനം - വിശദാംശങ്ങൾ**

**ഉപമേഖല- മലയാളം**

**പ്രവർത്തനം -  വരമൊഴിമലയാളം ഭാഷാ പരിപോഷണ പദ്ധതി**

വിഭാഗം: യു.പി, ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ ശേഷികൾ ഉറച്ചിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി അക്ഷരം ഉപ്പിക്കുകയും എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനുമുള്ള ശേഷിയിലേക്കെത്തി ത്തിക്കുകയും ചെയ്യുക. | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യനിർമ്മാണം<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ക്ലാസുകൾ | 1 വർഷം | മലയാളം<br>അധ്യാപകർ<br>എസ്.ആർ.ജി<br>കൺവീനർ | പി.ടി.എ,<br>അധ്യാപകർ |

**ഉപമേഖല: തുറന്ന വായനശാല**

**പ്രവർത്തനം 1 വയന പരിപോഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ വായനയുടെയും സർഗാത്മകതയുടെയും പരിപോഷണം | എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി വായിക്കാനുതകും വിധം തുറന്ന ഇടങ്ങളിൽ | ഒരു വർഷം | ലൈബ്രറി മുതലയുള്ള അധ്യാപകർ, ഭാഷാധ്യാപകർ | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | പുസ്തകങ്ങൾ ക്രമീകരിക്കുകയും രചനാ സാധ്യതകൾ ഒരുക്കുകയും ചെയ്യുക.<br><br>സർഗാത്മക രചനകൾ നടത്തുക<br><br>വായനക്കുറിപ്പുകൾ,കുട്ടികളുടെ സർഗാത്മക രചനകൾ എന്നിവ സ്കൂൾ അസംബ്ലിയിലും വായനക്കൂട്ടത്തിലും അവതരിപ്പിക്കാനും പ്രകാശിപ്പിക്കാനും അവസരമൊരുക്കുക.<br><br>കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.<br><br>മികച്ച വായന കുറിപ്പുകൾക്ക് സമ്മാനം നൽകുക . | ആഴ്ചയിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ<br><br>ഓരോ മാസവും | വിദ്യാരംഗം കോ-ഓഡിനേറ്റർ<br><br>മലയാളം അധ്യാപകർ<br><br>അധ്യാപകർ<br><br>പി.ടി.എ<br><br>അധ്യാപകർ<br><br>പി.ടി.എ | |
| കുട്ടികളിലെ സർഗാത്മകതയെ | സർഗാത്മക ശില്പശാലകൾ | 2 മാസം കൂടുമ്പോ | | |

Edit with WPS Office

| | | | | |
|---|---|---|---|---|
| പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക | കഥ<br>കവിത<br>തിരക്കഥ<br>(വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ കുട്ടികൾക്ക് അറിവുണ്ടാക്കുക.<br>പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുക. | ൾ | ഭാഷാധ്യാപകർ<br>എസ്.ആർ. ജി കൺവീനർ<br>പി ടി എ | പി ടി എ |

ഉപമേഖല: ഹ്യൂമൻ ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| ഓരോ മനുഷ്യനും ഒരു പുസ്തകമാണ്. ഒരു വ്യക്തിയിൽ നിന്നും പകർന്നു കിട്ടുന്ന അനുഭവപാഠങ്ങൾ കട്ടികളിൽ സ്വയം അവബോധം സൃഷ്ടിക്കാൻ സഹായകമാകും. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നുള്ള പല വ്യക്തികളുമാ | സമൂഹത്തിലെ വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ നിന്നുള്ള വ്യക്തികളുമായി സംവദിക്കുക.<br>അഭിമുഖ സംഭാഷണങ്ങൾ രേഖപ്പെടുത്തുക | എല്ലാമാസവും<br>ഒരു വർഷം | ഹ്യൂമൻ ലൈബ്രറി കോ-ഓഡിനേറ്റർ<br>പ്രധാനാധ്യാപിക<br>പി.ടി.എ<br>ഹ്യൂമൻ ലൈബ്രറി കോ-ഓഡിനേറ്റർ ,<br>വിദ്യാരംഗം കോ- | സ്പോൺസർഷിപ്പ് |

Edit with WPS Office

| | | | | |
|---|---|---|---|---|
| യി കുട്ടികൾ സംവദിക്കുന്നതിലൂടെ അറിവും തിരിച്ചറിവും അനുഭവങ്ങളും കാഴ്ചപ്പാടുകളും മനോഭാവവും മെച്ചപ്പെടുത്താൻ കഴിയണം. | | | ഓഡിനേറ്റർ | |

**ഉപമേഖല: സർഗാത്മക ശില്പശാലകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സർഗശേഷി വികാസം ലക്ഷ്യമാക്കിക്കൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം.<br><br>വ്യത്യസ്ത അഭിരുചികളുള്ള കുട്ടികളെ കണ്ടെത്തി ടാലൻറ് ലാബ് രൂപീകരിക്കണം<br><br>ടാലന്റ് ലാബിന്റെ നേതൃത്വത്തിൽ സർഗാത്മക ശില്പശാലകൾ ക്രമീകരിച്ച് കുട്ടികൾക്ക് പ്രയോജനപ്പെടും വിധം നടപ്പിലാക്കണം | കഥ<br><br>കവിത<br><br>നാടകം<br><br>തിരക്കഥ<br><br>ശില്പശാലകൾ | 2 മാസത്തിലൊരിക്കൽ<br><br>ജൂൺ<br><br>ജൂൺ മുതൽ ജനുവരി വരെ | വിദ്യാരംഗം - കോ ഓഡിനേറ്റർ<br><br>മലയാളം അധ്യാപകർ<br><br>എസ്.ആർ.ജി കൺവീനർ<br><br>എച്ച്.എം<br><br>പി ടി എ | സ്പോൺസർഷിപ്പ്<br><br>പി.ടി.എ |

Edit with WPS Office

| | | | | |
|---|---|---|---|---|
| കുട്ടികളുടെ രചനകൾ പ്രകാശിപ്പിക്കുക.<br><br>അത് സമൂഹത്തിലേക്ക് എത്തിക്കുക. | ചുമർ പത്രിക<br><br>ഡിജിറ്റൽ മാസിക. | മാസത്തിലൊന്ന്<br><br>മാസത്തിലൊരിക്കൽ | വിദ്യാരംഗം<br><br>വിദ്യാരംഗം<br><br>ഐ ടി ക്ലബ്ബ് | വിദ്യാരംഗം ക്ലബ്ബ് |

**ഉപമേഖല: ചരിത്രം**

**പ്രവർത്തനം: 1 ചരിത്രപഠനത്തിന്റെ പ്രാദേശിക സാധ്യതകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 കുട്ടികളിൽ പ്രാദേശികമായ ചരിത്രാവബോധം ഉണ്ടാക്കുക.<br><br>2. പ്രാദേശിക ചരിത്ര സ്മാരകങ്ങൾ, സ്ഥലങ്ങൾ ,പ്രത്യേകതകൾ കണ്ടെത്തി പ്രാദേശിക ചരിത്ര നിർമ്മിതി നടത്തുക.<br><br>3. പ്രാദേശികമായി ചരിത്രത്തിന്റെ ഭാഗമായിട്ടുള്ള വ്യക്തികളെ | പ്രാദേശിക ചരിത്ര സാധ്യതകൾ സെമിനാർ<br><br>പഠനയാത്രകൾ<br><br>പ്രാദേശിക ചരിത്ര നിർമ്മാണം ശില്പശാല<br><br>അഭിമുഖം | വർഷത്തിൽ ഒന്ന്<br><br>വർഷത്തിൽ ഒന്ന്<br><br>വർഷത്തിൽ ഒന്ന്<br><br>വർഷത്തിൽ ഒന്ന് | ചരിത്രാധ്യാപകർ<br><br>ചരിത്രാധ്യാപകർ<br><br>പ്രാദേശിക ചരിത്ര വിദഗ്ദ്ധർ<br><br>എച്ച്.എം<br><br>എസ്.ആർ.ജി കൺവീനർ<br><br>പി.ടി.എ<br><br>ചരിത്രാധ്യാപകർ | പി.ടി.എ<br><br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

Edit with WPS Office

| | | | | |
|---|---|---|---|---|
| കണ്ടെത്തി അഭിമുഖം നടത്തുക.<br><br>4. പ്രാദേശിക ചരിത്ര പഠനം<br><br>ക്ലാസ് റൂം പ്രവർത്തനങ്ങളോട് ബന്ധിപ്പിക്കുക. | | | പി ടി എ | |

**ഉപമേഖല: കാലാവസ്ഥാ പഠനം**

**പ്രവർത്തനം: കലാവസ്ഥ ഉച്ചകോടി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഗോള താപനം ,കലാവസ്ഥാ വ്യതിയാനം എന്നിവ മനുഷ്യനും ഇതര ജീവികൾക്കും പ്രകൃതിക്ക് തന്നെയും വരുത്തുന്ന ആഘാതങ്ങളും പ്രത്യാഘാതങ്ങളും തിരിച്ചറിഞ്ഞ് | കാലാവസ്ഥാ പഠനം<br><br>സർവ്വേ<br><br>ഗവേഷണാത്മക പഠനം<br><br>വിദഗ്ദ്ധരുടെ ക്ലാസുകൾ | ഒരു വർഷക്കാലം<br><br>വർഷത്തിലൊന്ന്,<br><br>ഒരു വർഷം<br><br>ആഗസ്ത്<br><br>എല്ലാ മാസവും | സോഷ്യൽ സ്റ്റഡീസ് ക്ലബ്ബ്<br><br>എസ്.ആർ.ജി. കൺവീനർ<br><br>എച്ച്.എം<br><br>ലൈബ്രറി<br><br>പി.ടി.എ | സ്പോൺസർഷിപ്പ് |

Edit with WPS Office

| | | | | |
|---|---|---|---|---|
| പ്രകൃതിസംരക്ഷണത്തിന്റെ ഭാഗമാകാൻ കുട്ടികളെ പ്രേരിപ്പിക്കുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുക. | ആഗോള താപനവും കാലാവസ്ഥാവ്യതിയാനാവും<br><br>പുസ്ത വായന- അവതരണം<br><br>ആഗോള താപനം - സെമിനാർ<br><br>സംവാദം<br><br>കാലാവസ്ഥ ഉച്ചകോടി | വർഷത്തിലൊന്ന്<br><br>വർഷത്തിലൊന്ന്<br><br>ജനുവരി | | |

**ഉപമേഖല: ഇംഗ്ലീഷ് ഭാഷാ പഠനം**

**പ്രവർത്തനം: ഭാഷാ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സമയം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും മനസിലാക്കാനുമുള്ള ശേഷി വികസനം | ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യും.<br><br>2. ഇംഗ്ലീഷിൽ | എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ഡിബേറ്റ്, സെമിനാർ, പ്രസംഗം, രചനാ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കൽ<br>3 ഇംഗ്ലീഷ് പത്രവായനയ്ക്കും അവതരണത്തിനും അവസരം ഒരുക്കൽ<br>4. ഇംഗ്ലീഷ് ഡയറി എഴുത്ത്<br>5. ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസിനും മാറി മാറി അവസരം നൽകൽ. | ആഴ്ചയിൽ ഒരുദിവസം ഒരു വർഷത്തേക്ക്<br>എല്ലാ ദിവസവും<br>എല്ലാ ദിവസവും<br>ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർമാർ<br>ബന്ധപ്പെട്ട ടീച്ചർ<br>ക്ലാസ് ടീച്ചർമാർ | |

**ഉപമേഖല- ഇംഗ്ലീഷ് കോർണർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾ പ്രാവീണ്യം നേടുകയും കൂടുതൽ വായിക്കുക | 1.ഇംഗ്ലീഷ് സർഗാത്മക സാഹിത്യരചനകൾ കുട്ടികൾക്ക് വായിക്കാൻ കൊടുക്കുന്നു. | ഒരു വർഷം | സ്കൂൾ ലൈബ്രറി, | പ്രാദേശിക സഹായം<br>പി.ടി.എ |

Edit with WPS Office

| | | | | |
|---|---|---|---|---|
| യും ചെയ്യുക.<br><br>കുട്ടികൾ സ്വതത്ര രചന നടത്തുകയും വായിച്ച രചനകൾ പുന:സൃഷ്ടിക്കുകയും ചെയ്യുക. | 2.വയനാകുറിപ്പുകൾ, വായനാനുഭവം എന്നിവ പങ്കു വയ്ക്കുന്നു .<br><br>3.കുട്ടികൾ കഥാരചന, കവിതാ രചന, ഉപന്യാസ രചന, പ്രസംഗം എന്നീ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായി അവതരിപ്പിക്കുന്നു.<br><br>4.വായിച്ച ഏതാനും കഥകൾ നാടകീകരണം നടത്തുന്നു.<br><br>5.കുട്ടികളുടെ രചനകളും അവതരണങ്ങളും ഉൾപ്പെടുത്തി ഇംഗ്ലീഷ് കോർണർ സംഘടിപ്പിക്കുന്നു. (ക്ലാസ് പി.ടി.എ, കോർണർ പി.ടി എ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കു | എല്ലാ മാസവും<br><br>എല്ലാ മാസവും<br><br>ക്ലാസ് തലത്തിലോ ഇംഗ്ലീഷ് അസംബ്ലിയിലോ<br><br>മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>ബന്ധപ്പെട്ട അധ്യാപകർ<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>ബന്ധപ്പെട്ട അധ്യാപകർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ന്നു. | | | |

**ഉപമേഖല: ശാസ്ത്ര പഠനം**

**പ്രവർത്തനം: ശാസ്ത്ര ദീപ്തി ( ശാസ്ത്ര വിഷയങ്ങളിൽ അവബോധം )**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | 1.ലഘു ശാസ്ത്ര പരീക്ഷണങ്ങൾ രസകരമായ അനുഭവമാക്കുക .<br><br>2. ശാസ്ത്രപ്പതിപ്പുകൾ തയ്യാറാക്കുക<br><br>3 ശാസ്ത്ര വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട പിന്തുണാ സംവിധാനം ഒരുക്കുക.<br><br>4. ശാസ്ത്രമേളകൾ സംഘടിപ്പിക്കുക. സമൂഹത്തിന് മുന്നിൽ | ക്ലാസ് തലം<br><br>മാസത്തിലൊന്ന്<br><br>ആഴ്ചയിൽ 2 ദിവസം<br><br>വർഷത്തിലൊന്ന് | സയൻസ് ടീച്ചർ<br><br>സയൻസ് ക്ലബ്ബ്<br><br>എസ്.ആർ.ജി.<br>സയൻസ് ടീച്ചർ<br><br>സയൻസ് ക്ലബ്ബ് | പി.ടി.എ |

Edit with WPS Office

| | | | | |
|---|---|---|---|---|
| | പങ്കുവയ്ക്കുക . | | | |

**ഉപമേഖല: ഗണിത രസം**

**പ്രവർത്തനം: ഗണിതത്തിൽ അടിസ്ഥാന ശേഷി കൈവരിക്കൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ,പിയർ ഗ്രൂപ്പ് എന്നിവയിലൂടെ കുട്ടികളിൽ ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.. | ജൂൺ - ജൂലൈ | ഗണിതാധ്യാപിക | പി ടി എ |
| ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് പഠനം രസകരമാക്കൽ | ഗണിത രൂപങ്ങൾ നിർമ്മാണം.<br>നിത്യജീവിതവുമായി ഇതിനെ ബന്ധിപ്പിക്കൽ<br>അന്വേഷണ കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കൽ | ഉചിതമായ സമയങ്ങളിൽ ക്ലാസ് തലത്തിൽ | ഗണിതാദ്ധ്യാപിക<br>ഗണിത ക്ലബ്ബ് | പിടിഎ |
| ഗണിതമേള | ഗണിത മേളയ്ക്ക് കുട്ടികളെ ഒരുക്കൽ | ഓരോ മാസവും | ഗണിത ക്ലബ്ബ് | പിടിഎ |

**ഉപമേഖല : പ്രവൃത്തി പരിചയ പരിശീലനം**

**പ്രവർത്താം: തൊഴിൽ നൈപുണി സാധ്യത കണ്ടെത്തൽ**

Edit with WPS Office

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ അഭിരുചികൾ കണ്ടെത്തി അവർക്കനുയോജ്യമായ തൊഴിൽ മേഖലകളെ കുട്ടികൾക്ക് പരിചയപ്പെടുത്താൻ ക്രിയേറ്റീവ് കോർണർ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുക. | പ്രാദേശിക സാധ്യതകളും ക്രിയേറ്റീവ് കോർണർ സാധ്യതകളും പ്രയോജനപ്പെടുത്തി പാചകം, കാർപ്പെന്റിംങ്, ഫാഷൻ ഡിസൈനിംങ്, ഇലക്ടിക്കൽ വർക്ക്, തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നു. | ഒരു വർഷക്കാലം | ക്രിയേറ്റീവ് കോർണർ ഇൻ ചാർജ്. | പ്രാദേശിക സാധ്യതകൾ |
| നിത്യോപയോഗ വസ്തുക്കളായ<br>സോപ്പ് പൊടി, ലിക്വിഡ്, സോപ്പ്, നിർമ്മാണം. | സോപ്പ്, സോപ്പുപൊടി, ലിക്വിഡ് എന്നീ നിത്യോപയോഗ വസ്തുക്കൾ നിർമ്മിച്ച് വില്പന സാധ്യതകണ്ടെത്തുക. ആവശ്യക്കാർക്ക് എത്തിക്കുക. | മൂന്നു മാസത്തിലൊരിക്കൽ - ഒരു വർഷക്കാലം | പ്രവൃത്തി പരിചയം അധ്യാപിക . | പി.ടി.എ<br>സ്പോൺസർഷിപ്പ് |
| കരകൗശല നിർമ്മാണവും തൊഴിൽ സാധ്യതകളും കണ്ടെത്തൽ | റെസിൻ ആർട്ട്<br>cyano type | എല്ലാമാസവും<br>എല്ലാ മാസവും | ആർട്ട് - പ്രവൃത്തി പരിചയ അധ്യാപകർ<br>ആർട്ട് | സ്പോൺസർഷിപ്പ്<br>സ്പോൺസർഷിപ്പ് |

Edit with WPS Office

| | | | | |
|---|---|---|---|---|
| | (Photo printing method) | | അധ്യാപകൻ | |

**ഉപമേഖല : കലാരംഗം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് കലാരംഗത്ത് ആവശ്യമായ പ്രോത്സാഹനം നൽകുക. | ഒച്ച - മ്യൂസിക് ബാന്റ് | ഒരു വർഷം | വിദ്യാരംഗം<br>കലാദ്ധ്യാപകൻ | പി ടി എ<br>പ്രാദേശിക സാധ്യതകൾ |
| കളിമൺ ശില്പകല കലാ വിദ്യാഭ്യാസവുമായി ബന്ധിപ്പിച്ച് പഠിക്കുക | clayworkshop | വർഷത്തിൽ 2 തവണ | കലാധ്യാപകൻ | പി.ടി.എ |
| ചിത്രകലാ പഠനം കാര്യക്ഷമമാക്കുക. | ചിത്രരചനാ ക്യാമ്പുകൾ പ്രദർശനങ്ങൾ | വർഷത്തിൽ 2 തവണ | ചിത്രകലാധ്യാപകൻ | പി ടി എ |
| കുട്ടികളിലെ വ്യത്യസ്ത കലാഭിരുചി കണ്ടെത്തി പരിശീലിപ്പിക്കുക.<br><br>കലാമേള | നൃത്തം, പാട്ട്, കാവ്യാലാപനം, ക്ലാസിക്കൽ നൃത്ത ഇനങ്ങൾ, ഒപ്പന, തിരുവാതിര,<br><br>കലാമേളകൾക്ക് വേണ്ടിയുള്ള | ഒരു വർഷം<br><br>കലാമേളയോടനുബന്ധിച്ച് | കലാധ്യാപകർ<br>ടാലന്റ് ലാബ് - കോ-ഓഡിറേറ്റർ<br><br>ബന്ധപ്പെട്ട അധ്യാപകർ | സ്പോൺസർഷിപ്പ്<br><br>സ്പോൺസർഷിപ്പ് |

Edit with WPS Office

| | | | | |
|---|---|---|---|---|
| | പരിശീലനം | | | പി ടി എ |

**ഉപമേഖല: ഹിന്ദി പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി അനായാസം കൈകാര്യം ചെയ്യാനുള്ള പ്രാപ്തി നൽകുക.<br>ഭാഷയിലെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക | ഹിന്ദി ഭാഷയിൽ ലഘുവാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കുക.<br>ഹിന്ദി പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഒരുക്കുക.<br>ഹിന്ദിയിൽ അസംബ്ലി നടത്തുക<br>ഹിന്ദിയിൽ സർഗാത്മക രചന നടത്താനും അവതരിപ്പിക്കാനും അവസരം നൽകുക | നിരന്തര പ്രവർത്തനം<br>നിരന്തര പ്രവർത്തനം<br>മാസത്തിലൊരിക്കൽ<br>എല്ലാമാസവും | | |

Edit with WPS Office

**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വികസിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് മേഖലകൾ കണ്ടെത്തി പരിശീലനം നൽകുക.<br>ഫുട്ബോൾ, കോക്കോ, ചെസ്<br>എന്നിവയിൽ പ്രത്യേക പരിശീലനം | എല്ലാ ദിവസവും (ഒരു വർഷം)<br>എല്ലാ ദിവസവും | കായികാധ്യാപകൻ<br>കായികാധ്യാപകൻ | പിടിഎ<br>പി ടി എ |

**ഉപമേഖല : ലഹരിവിരുദ്ധ ബോധവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ലഹരി ഉപയോഗത്തിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുക. | ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ<br>റാലി, ഫ്ലാഷ് മൊബ്, തെരുവ് നാടകം, പോസ്റ്റർ | ഒരു വർഷം<br>ഉചിതമായ കാല ക്രമത്തിൽ | ജാഗ്രതാ സമിതി<br>എസ്.പി.സി<br>എസ് പി സി | എസ്.പി.സി |

Edit with WPS Office

| | | | | |
|---|---|---|---|---|
| | പ്രദർശനം, ചിത്രപ്രദർശനം , ഡോക്യുമെന്ററി പ്രദർശനം - നിർമ്മാണം,<br><br>രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണം, പൊതു ഇടങ്ങളിലുള്ള ബോധവത്ക്കരണ പരിപാടികൾ | വർഷത്തിൽ 2 തവണ | എസ്.പി.സി | |

**ഉപമേഖല : കരനെൽ കൃഷി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്ക്കാരം വളർത്തുക .<br><br>മണ്ണിനോടും കൃഷിയോടുമുള്ള ആഭിമുഖ്യം വളർത്തുക .<br><br>വിഷ രഹിത ഭക്ഷണം എന്ന സന്ദേശം പ്രവൃത്തിയിലൂടെ കുട്ടികൾ പഠിക്കുക. | കരനെൽ കൃഷി<br><br>( ഉമ എന്ന നെൽവിത്ത് പാകി മുളപ്പിച്ച് ഞാറ് പറിച്ച് നട്ട് വളമിട്ട് വെള്ളമൊഴിച്ച് കൊയ്ത് എടുക്കും വരെ കുട്ടികൾക്ക് കൃഷിപാഠങ്ങൾ സ്വയം പഠിക്കാനവസരം ലഭിക്കുന്നു.<br><br>കുട്ടികൾ | 3 മാസം | പരിസ്ഥിതി ക്ലബ്ബ് | MLA യുടെ<br><br>നെൽ - കെ ജി പദ്ധതി |

Edit with WPS Office

| | | | | |
|---|---|---|---|---|
| | വിതച്ച വിത്തുകൾ നൽകുന്ന ഫലം അവർക്ക് തന്നെ ഭക്ഷണമാകുന്നു. | | | |

**ഉപമേഖല :പഠന യാത്രകൾ**

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് യാത്രാനുഭവം നൽകി അത് പഠനപ്രവർത്തനത്തോട് ബന്ധിപ്പിക്കുക. | ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, പ്രകൃതി ഭംഗിയുള്ള സ്ഥലങ്ങൾ എന്നിവ സന്ദർശിക്കുക. | വർഷത്തിൽ ഒരു തവണ | ബന്ധപ്പെട്ട അധ്യാപകർ | രക്ഷിതാക്കൾ |

**ഉപമേഖല: സാമൂഹികം -അക്കാദമികം**

**പ്രവർത്തനം: ക്ലാസ് പി ടി എ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളെ വിദ്യാലയത്തിന്റെ ഭാഗമാക്കി നിർത്തുകയും കുട്ടികൾക്ക് പഠന പിന്തുണയും മാനസിക പിന്തുണയും | ക്ലാസ് തലത്തിൽ കുട്ടികൾക്ക് പ്രാധാന്യം നൽകി കുട്ടികളുടെ മികവ് പ്രകടിപ്പിക്കാനും അവരുടെ പോരായ്മകൾ | ഓരോ മാസവും | എച്ച്.എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | |

Edit with WPS Office

| | | | | |
|---|---|---|---|---|
| നൽകുക. | കണ്ടെത്തി ചർച്ച ചെയ്ത് മികവിലേക്ക് ഉയർത്താനും ക്ലാസ് പിടിഎ പ്രയോജനപ്പെടുത്തണം. | | | |

**ഉപമേഖല: സാമൂഹികം -അക്കാദമികം**

**പ്രവർത്തനം: കോർണർ പി ടി എ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുക. കുട്ടികളുടെ എല്ലാ മേഖലകളിലെയും മികവുകൾ പൊതു സമൂഹത്തിൽ പ്രകടിപ്പിക്കുക. | വിദ്യാർത്ഥികളുടെ വീടുകളോ പൊതു ഇടങ്ങളോ തെരഞ്ഞെടുത്ത് അവിടെ യോഗം ചേരുകയും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അഭിപ്രായ പ്രകടനത്തിനും മികവ് അവതരണത്തിനും വേദി ഒരുക്കുക. | ഒരോ മാസവും | പി ടി എ<br>എസ്.ആർ.ജി | പിടിഎ |
| | | | | |
| | | | | |

**ഉപമേഖല: സാമൂഹികം**

**പ്രവർത്തനം: പാരന്റ്സ് ക്ലബ്ബ്**

Edit with WPS Office

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളെ വിദ്യാലയവുമായി നിരന്തരം ബന്ധിപ്പിക്കൽ . | രക്ഷിതാക്കളുടെ വായനാക്കൂട്ടം രൂപീകരിക്കുക<br>രക്ഷിതാക്കളുടെ കലോത്സവം സംഘടിപ്പിക്കുക. | മാസത്തിൽ ഒരിക്കൽ<br>വർഷത്തിൽ ഒരു തവണ | പിടിഎ<br>എസ്.ആർ.ജി<br>പി.ടി.എ | |

**ഉപമേഖല: ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുക. വിവിധ വിഷയങ്ങളിൽ സാമൂഹികമായ അറിവ് നൽകുക. | ദിനാചരണങ്ങളെ പഠന വിഷയങ്ങളുമായും ക്ലാസ് റൂംപ്രവർത്തനങ്ങളുമായും ബന്ധിപ്പിക്കുക. | ഒരു വർഷം | എസ്.ആർ.ജി | |

**ഉപമേഖല: ശുചിത്വ വിദ്യാലയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക .<br>പ്ലാസ്റ്റിക് വിമുക്തമാക്കുക | സ്കൂൾ പരിസരം, ക്ലാസ് മുറികൾ, ടോയ് ലറ്റ്, വാഷിങ് ഏരിയ, അടുക്കള, വരാന്ത എല്ലായിടവും ശുചിയായി സൂക്ഷിക്കുക.മോണിറ്ററിംങ്ങിലൂടെ | ഒരു വർഷം<br>എല്ലാമാസവും | എച്ച്.എം ,<br>പി.ടി.എ ,<br>ബന്ധപ്പെട്ട അധ്യാപകർ<br>ഹരിതസേന | പി ടി എ |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ഉറപ്പാക്കുക. | | | |

**ഉപമേഖല: സന്തോഷ വിദ്യാലയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഘോഷങ്ങ ൾക്ക് പ്രാധാന്യം നൽകുക. സ്കൂൾ അന്തരീക്ഷ ത്തെ ആഹ്ലാദകരമാ ക്കുന്ന സന്ദർഭങ്ങൾ ഉചിതമായി ആഘോഷക്കു ക | ഓണം,<br>സ്വാതന്ത്ര്യദിനം<br>റിപ്പബ്ലിക് ദിനം<br>കേരള പിറവി<br>ക്രിസ്തുമസ്<br>ബക്രീദ്<br>സ്കൂൾ വാർഷികം | ഉചിതമായ കാല ക്രമത്തിൽ | പിടിഎ<br>എച്ച്.എം<br>വിദ്യാരംഗം<br>ഇതര ക്ലബ്ബുകൾ | പിടിഎ<br>സ്പോൺസർ ഷിപ്പ് |

**ഉപമേഖല: സംസ്കൃത പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷാ പഠനത്തിന് തല്പരരാക്കുന്നതി ന്ന്<br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | കുട്ടികളുടെ പഠന മികവുകളും പരിമിതികളും കണ്ടെത്തി അവരുടെ സാധ്യതകൾക്കനുസ രിച്ച് പഠനപ്രവർത്തനങ്ങ ൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക. | ഒരു വർഷ ക്കാലം | ബന്ധപ്പെ ട്ട അധ്യാപി ക | |
| സംസ്കൃതം സാഹിത്യാഭിരുചി വികാസത്തിന് വായന | വ്യത്യസ്ത രചനകൾ പരിചയപ്പെടുത്തുക | ഒരു വർഷം | ബന്ധപ്പെ ട്ട അധ്യാപി ക | |

Edit with WPS Office

| | | | | |
|---|---|---|---|---|
| പ്രോത്സാഹിപ്പിക്കുക. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ നടത്താനും അവസരം നൽകുക. | പ്രശ്നോത്തരി ,മാഗസിൻ, കഥ, കവിത, ഉപന്യാസ രചന എന്നിവയ്ക്കുള്ള പരിശീലനം | വർഷത്തിൽ ഓരോ മാസവും | ബന്ധപ്പെട്ട അധ്യാപിക | |
| സ്കൂൾ തല മത്സരങ്ങൾ നടത്തി വിവിധ തലങ്ങളിൽ കുട്ടികളെ മത്സരത്തിന് പ്രാപ്തരാക്കുക. സംസ്കൃത ഭാഷാ പഠനത്തെ കലാ പരിചയവുമായി ബന്ധിപ്പിക്കുക. | രാമായണ പ്രശ്നോത്തരി ,സംസ്കൃത പ്രശ്നോത്തരി ,മറ്റു മത്സര ഇനങ്ങളുടെ പരിശീലനം | ഓരോ മാസവും | ബന്ധപ്പെട്ട അധ്യാപിക | പിടിഎ |
| സംഭാഷണ ശിബിരം സംഘടിപ്പിക്കുക. | ഭാഷാ പ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന് സംഭാഷണ ശിബിരം സംലടിപ്പിക്കുക. | ഓരോ മാസവും | ബന്ധപ്പെട്ട അധ്യാപിക | |

**ഉപമേഖല: അറബി**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിലും സാഹിത്യത്തിലും അറിവും അഭിരുചിയും | അറബി ഭാഷയുടെ മഹത്വം, അറബി സാഹിത്യ | ഒരു വർഷം | അറബിക് അധ്യാപിക | |

Edit with WPS Office

| | | | | |
|---|---|---|---|---|
| വളർത്തുക. | പരിചയം എന്നിവ സാധ്യമാക്കുന്ന ക്ലാസുകളും ശില്പശാലകളും പഠനാനുബന്ധ പ്രവർത്തനമായി സംഘടിപ്പിക്കുക. | | | |
| ഭാഷയുടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക | അറബി ഭാഷ എളുപ്പത്തിൽ രസകരമായി പഠിക്കാനുള്ള പഠനതന്ത്രങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക | ജൂൺ-ജൂലൈ | അറബിക് അധ്യാപിക | |
| അറബി കലോത്സവത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | അറബി ഭാഷയിലുള്ള സർഗാത്മക രചനകൾ, നാടകം, സംഭാഷണം, ഗാനം, ഗസൽ തുടങ്ങി കലോത്സവ ഇനങ്ങളിൽ പരിശീലനം. | ഒരു വർഷം | അറബിക് അധ്യാപിക | പി.ടി.എ |

**ഉപമേഖല : കൗൺസലിംങ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ വൈകാരിക മാനസിക | ഉത്കണ്ഠ, ഭയം, വിഷാദാവസ്ഥ, | ഒരു വർഷം | സ്കൂൾ കൗൺസലർ | |

Edit with WPS Office

| | | | | |
|---|---|---|---|---|
| ശാരീരിക പിന്നാക്കാവസ്ഥകളിൽ പിന്തുണ നൽകുക | അപകർഷതാ ബോധം ,വൈകാരിക സ്ഥിരതയില്ലായ്മ എന്നിവയിൽ പിന്തുണ സംവിധാനം ഒരുക്കുക | | | |

**ഉപമേഖല : ഉൾച്ചേർന്ന വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ സാധ്യതാ പഠനം നടത്തി പ്രയോജനപ്രദമായ രീതിയിൽ കുട്ടികൾക്ക് പിന്തുണ നൽകുക.<br>പഠനത്തിൽ കൈത്താങ്ങാകുക<br>ബഡ്ഡി സിസ്റ്റം വികസിപ്പിക്കുക<br>കരകൗശല വസ്തുക്കളുടെ നിർമ്മാണം പരിശീലിപ്പിക്കുക | കുട്ടികളുടെ വൈകല്യങ്ങളെ മറികടക്കാൻ സൗഹൃദപൂർവ്വം പിന്തുണ നൽകുക<br>അഭിരുചിക്കനുസരിച്ച് കുട്ടികളെ മനസിലാക്കിപഠന തന്ത്രങ്ങൾ തയ്യാറാക്കി നടപ്പാക്കുക.<br>സൗഹൃദങ്ങൾ ചേർത്തു പിടിച്ച് പഠനപ്രവർത്തനങ്ങളിൽ മുന്നേറുക. പരസ്പര സഹായ - സഹകരണ മനോഭാവം വികസിപ്പിക്കുക. പ്രോത്സാഹിപ്പിക്കു | ഒരു വർഷം<br>ഒരു വർഷം<br>ഒരു വർഷം | സ്പഷ്യൽ ടീച്ചർ<br>സ്പെഷ്യൽ ടീച്ചർ<br>സ്പെഷ്യൽ ടീച്ചർ | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ക.<br><br><br><br>വിദ്യാഭ്യാസം രസകരമാക്കി തൊഴിൽ സാധ്യത കൂടി കണ്ടെത്തി പരിശീലിപ്പിക്കുക. | | | |
| | | | | |

**ഉപസംഹാരം**

പെരുമ്പാവൂർ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ അക്കാദമികമായ മുന്നേറ്റത്തിന് ഉതകും വിധമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. സമഗ്ര ഗുണമേന്മ പദ്ധതി വർഷത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ അക്കാദമിക മികവിനു വേണ്ടി ആസൂത്രണം ചെയ്തിരിക്കുന്ന ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ അഭിരുചികളെ മാനിച്ചുകൊണ്ടും സ്കൂളിന്റെ സർവ്വതോന്മുഖമായ അക്കാദമിക വികസനം ലക്ഷ്യം വച്ചുള്ളതുമാണ്.

Edit with WPS Office